# കടലാസുവഞ്ചിയും അവനും

**ശോഭന**



ഇടിവെട്ടട്ടെ, മഴ പെയ്യട്ടെ
മരങ്ങളാടിത്തളരട്ടെ
പറമ്പിലാകയും മുറ്റത്തും മഴ
പെയ്തു, പെയ്തു നിറയട്ടെ

എണീക്കയില്ലീ കോലായപ്പടി
കടന്നുപോകില്ലകത്തു ഞാൻ
വീശിയടിക്കും ശീതക്കാറ്റിൽ
ഞാനപ്പാടെ നനഞ്ഞോട്ടെ

അടുക്കള, പിന്നിടനാഴികളും
കടന്നു വരവാണെന്നമ്മ
ഒളിമങ്ങാത്തൊരു ഓർമ്മയിലേട്ടൻ
പിറകെപ്പിറകേ അനുജത്തി.

ഒരു കടലാസുവഞ്ചിയിറക്കി
യതെവിടെ പ്പോയെന്നറിയാതെ
കാക്കുകയാണതു വരുമെ, തീർച്ച
പറഞ്ഞീട്ടല്ലോ പോയതവൻ

മഴ കൊള്ളാതെ തന്നെത്താനെ-
നനഞ്ഞ കവിളു തുടച്ചമ്മ
പെയ്ത്തു നിറുത്തിയതില്ലാക്കണ്ണുകൾ
കൂടെപ്പെയ്തെൻ നേത്രങ്ങൾ

നീ കണ്ണീരു തുടക്കെൻ മകളെ
വരുവോനല്ലവനൊരുനാളും
സൂര്യനുറങ്ങാലോകത്തല്ലവ-
നിനിമേൽ വഞ്ചിയിറക്കുന്നു.

അവന്നു പോരാനാവാദൂരം തി
രിച്ചു പോരുവതെങ്ങനവൻ
തോർന്നീട്ടില്ല ആ മഴ പിന്നവ-
നമ്മക്കും അനുജത്തിക്കും

പേപ്പർ എന്ന വാക്കുണ്ടായത് പാപ്പിറസ് എന്ന ചെടിയുടെ പേരിൽ നിന്നാണ്